പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4589** **28. 06. 2013-** ലെ മറുപടി

പ്രവാസി ക്ഷേമനിധി ബോർഡിലെ അംഗത്വം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനുള്ള ഉയർന്ന പ്രായപരിധി എത്രയാണ്; | (എ) നിലവിൽ പ്രവാസി ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സാണ്. |
| (ബി) ക്ഷേമനിധി ബോർഡിൽ എത്ര പേർ ഇപ്പോൾ അംഗങ്ങളായിട്ടുണ്ട് എന്നും കൂടുതൽ പേരെ അംഗങ്ങളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ? | (ബി) നിലവിൽ കേരള പ്രവാസി ക്ഷേമ നിധിയിൽ 1,10,000 പ്രവാസി മലയാളികൾ അംഗത്വമെടുത്തിട്ടുണ്ട്. പരമാവധി പ്രവാസികളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗത്വത്തിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സിൽ നിന്ന് 60 വയസ്സായി ഉയർത്തുന്നതിനുള്ള നിയമഭേദഗതി അന്തിമ ഘട്ടത്തിലാണ്. കൂടാതെ പ്രായപരിധി കടന്നുപോയി എന്ന കാരണം കൊണ്ടുമാത്രം അംഗമാകാൻ സാധിക്കാതെ പോയ പ്രവാസികൾക്കായി പ്രത്യേക സഹായനിധി രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനോടൊപ്പം ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചും പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങളെക്കുറിച്ചും പ്രവാസികൾക്കിടയിൽ അവബോധംസൃഷ്ടിക്കുന്നതിനായി അതിവിപുലമായി ബോധവത്കരണ- പ്രചാരണ പ്രവർത്തനങ്ങളും ബോർഡ് നടത്തിവരുന്നുണ്ട്. പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതും നിലവിൽ ബോർഡ് നല്കിവരുന്നതുമായ ചികിത്സാസഹായം പരമാവധി 50,000/- രൂപയും വിവാഹധനസഹായം 5,000/- രൂപയും പുറമെ പ്രസവാനുകൂല്യം പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുന്നതിനും ബോർഡ് ആലോചിക്കുന്നുണ്ട്. ഇൻഷുറൻസ് പരിരക്ഷ, അംഗങ്ങളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികളും ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ